പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 542 — 28-02-2017 ൽ മറുപടിക്ക്

## കേരള ആട്ടോ മൊബൈൽസിന്റെ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) നെയ്യാറ്റിൻകരയിലെ പൊതുമേഖല സ്ഥാപനമായ കേരള ആട്ടോമൊബൈൽസിന്റെ സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | നെയ്യാറ്റിൻകര ആറാലുംമൂട്ടിലുള്ള കേരളാ ആട്ടോമൊബൈത്സ് ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം കഴിഞ്ഞ കുറേവർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തനമൂലധനം പൂർണ്ണമായും ശോഷിച്ച അവസ്ഥയിലാണ്. കേരളാ ആട്ടോമൊബൈത്സിൻെറ ഇപ്പോഴത്തെ സ്ഥിതിയും പ്രവർത്തനവും ഉൽപ്പാദനസൗകര്യങ്ങളും വിശദമായി പരിശോധിച്ച് ഇപ്പോഴുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതുൾപ്പെടെ സ്ഥാപനത്തിൻെറ സുസ്ഥിരമായ ഭാവിയ്ക്കനുയോജ്യമായ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ അടിയന്തര ശ്രദ്ധനൽകി പരിശോധിയ്ക്കുന്നതാണ്. ഇതിൻെറ ഭാഗമായി സാമ്പത്തിക ബാധ്യതകൾ തീർപ്പാക്കുന്ന നടപടികളും സർക്കാർ പരിശോധിക്കുന്നതാണ്. കമ്പനിയുടെ അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനായി 2016-17 ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടിരൂപയിൽ നിന്നും ഇതിനോടകം 200 ലക്ഷം രൂപ സർക്കാർ കേരളാ ആട്ടോമൊബൈത്സിന് നൽകിയിട്ടുണ്ട്. കൂടാതെ ധനസഹായമായി 300 ലക്ഷം രൂപകൂടി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൻെറ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ ആട്ടോമൊബൈൽസ് അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | കേരള ആട്ടോമൊബൈൽസിൽ പുതിയ എം.ഡി.യെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ആട്ടോമൊബൈത്സിൽ മാനേജിംഗ് ഡയറക്ടറെ പുതിയതായി നിയമിച്ചിരുന്നു. എന്നാൽ അദ്ദേഹം ദീർഘകാല അവധിയിൽ പ്രവേശിച്ചതിനാൽ വന്ന ഒഴിവിലേക്ക് താൽകാലിക ചുമതല നൽകിയിട്ടുണ്ട്. |
| (ഡി) | അമരവിളയിലെ സിഡ്കോ ടൈൽ ഫാക്ടറി അടച്ച് പൂട്ടി പകരം ആ സ്ഥലത്ത് ചെറുകിട വ്യവസായം ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | അമരവിളയിലെ സിഡ്കോ ടൈൽ ഫാക്ടറി നിലവിൽ പ്രവർത്തിക്കുന്നില്ല. 11..11..2014 ലെ ജി.ഒ (എം.എസ്) നമ്പർ 151/2014/ഐ.ഡി നമ്പർ സർക്കാർ ഉത്തവ് പ്രകാരം സിഡ്കോയുടെ കീഴിലുള്ള അമരവിളയിലെ 2.5 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തുടങ്ങുന്നതിനുവേണ്ടി കൈമാറാൻ ഉത്തരവായിരുന്നു. പിന്നീട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 20,000 സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിക്കാൻ 2.5 ഏക്കർ സ്ഥലം അധികമാണെന്നും ആയതിനാൽ 1.5 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറാനും ബാക്കി ഒരേക്കർ സിഡ്കോയുടെ വികസന പ്രവർത്തനങ്ങൾക്കായി നൽകാനും തീരുമാനമായിരുന്നു. മേൽ തീരുമാനമനുസരിച്ച് വിശദമായ സ്കെച്ചും ഇരുകൂട്ടരുടെ സ്ഥലം അതിരടയാളം ചെയ്തുകൊണ്ടുള്ള സൈറ്റ് പ്ലാനും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ